# വാസ്തു: അധിവാസത്തിനും ആരാധനയ്ക്കും

**സിന്റോ കോങ്കോത്ത് എ.**
അധ്യാപിക
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട
Email : sintokonkoth@gmail.com

**സംഗ്രഹം**

ഓരോ പ്രദേശത്തിനും അവരുടേതായ കെട്ടിടനിർമ്മാണ രീതികളുണ്ട്. അധിവാസത്തിനും അധിവാസേതര ആവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നുണ്ട്. ആരാധനാലയങ്ങൾ, കൊട്ടാരങ്ങൾ, കൂത്തമ്പലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കാര്യാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കളിയിടങ്ങൾ തുടങ്ങി നിർമ്മിതിയുടെ പുതിയ അർത്ഥതലങ്ങൾ വാസ്തു എന്ന പദം ഇന്ന് ഉൾക്കൊള്ളുന്നുണ്ട്. കേരളത്തിന്റെ വ്യത്യസ്തമായ വാസ്തുവിദ്യാ ചിന്തകളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ :** വാസ്തുശാസ്ത്രം, വാസ്തുവിദ്യ, അധിവാസം, പ്രാദേശികചരിത്രം

നാലുചുമരുകളും മേൽക്കൂരയും നൽകുന്ന സുരക്ഷിതത്വമാണ് വീട് എന്ന സങ്കല്പത്തിനടിസ്ഥാനം. പക്ഷികൾ ലഭ്യമായ അസംസ്കൃത വസ്തുക്കൾകൊണ്ട് മനോഹരമായ കൂടുകൾ നിർമ്മിക്കുന്നു. ജന്മസിദ്ധമായ കഴിവിനൊപ്പം അനുഭവജ്ഞാനവും അവർക്കതിന് സഹായകമാകുന്നുണ്ടാകണം. ആ കിളിക്കൂടുകൾ അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നുമുണ്ട്. അവയുടെ നിർമ്മാണ വൈദഗ്ധ്യം അതിശയിപ്പിക്കുന്നതാണ്. മരച്ചില്ലകളിലും ഗുഹാന്തർഭാഗങ്ങളിലും അഭയം തേടിയിരുന്ന മനുഷ്യന്റെ ക്രമാനുഗതമായ വളർച്ചയായിരുന്നിരിക്കണം വാസ്തുവിദ്യ എന്ന സാങ്കേതിക ജ്ഞാനത്തിലേയ്ക്ക് എത്തിച്ചേരാൻ ഇടയായത്. വാസ്തു എന്ന സംസ്കൃതപദത്തിന് പാർപ്പിടം എന്നാണർത്ഥം. ഗൃഹം നിൽക്കുന്ന സ്ഥലം എന്ന് ശബ്ദതാരാവലി അർഥം നൽകുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ 'ഗൃഹക്ഷേത്ര - ആരാമ-സേതുബന്ധ - തടാകമാധാരോ-വാവാസ്തു' എന്നാണ് നിർവചിച്ചിരിക്കുന്നത്. കെട്ടിടനിർമ്മാണരീതിയെയാണ് വാസ്തുവിദ്യ എന്ന പദം കൊണ്ട് പൊതുവെ അർത്ഥമാക്കുന്നത്. കെട്ടി ഉണ്ടാക്കുന്നവയാണ്

കെട്ടിടങ്ങൾ. അധിവാസത്തിനും അധിവാസേതര ആവശ്യങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നുണ്ട്. ആരാധനാലയങ്ങൾ, കൊട്ടാരങ്ങൾ, കൂത്തമ്പലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കാര്യാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കളിയിടങ്ങൾ തുടങ്ങി നിർമ്മിതിയുടെ പുതിയ അർത്ഥതലങ്ങൾ ഈ പദം ഇന്ന് ഉൾക്കൊള്ളുന്നുണ്ട്.

ഓരോ പ്രദേശത്തിനും അവരുടേതായ കെട്ടിടനിർമ്മാണ രീതികളുണ്ട്. അവിടുത്തെ കാലാവസ്ഥയും ഭൂപ്രകൃതിയുടെ പ്രത്യേകതകളും നിർമ്മാണവസ്തുക്കളുടെ ലഭ്യതയും ഇതിൽ പ്രധാന ഘടകങ്ങളാകുന്നു. മഞ്ഞുപെയ്യുന്ന യൂറോപ്യൻ നാടുകളിലും മരുഭൂമി അധികമുള്ള ഗൾഫ് നാടുകളിലും ഏറെ മഴലഭിക്കുന്ന കേരളത്തിലും ഒരേ വാസ്തുവിദ്യാരീതി ഉപയോഗപ്പെടുത്താനാവില്ല. കേരളത്തിൽത്തന്നെ പ്രാദേശികമായി കടലോരങ്ങളിലും മലഞ്ചെരിവുകളിലും പുഴയോരങ്ങളിലും സമതലങ്ങളിലും വ്യത്യസ്തമായ സാങ്കേതികതകൾ ഉപയോഗപ്പെടുത്തുമ്പോഴേ ഗൃഹനിർമ്മാണം കൃത്യതയുള്ളതാകുന്നുള്ളൂ. ഉയർന്ന ശില്പവൈദഗ്ധ്യവും കരവിരുതും ഉൾക്കൊണ്ട പഴയ തറവാടുകളും കൊട്ടാരങ്ങളും ക്ഷേത്രങ്ങളും കേരളത്തിലെ പരമ്പരാഗത വാസ്തു ശൈലിയുടെ മുഖമുദ്രയായി നിലനിൽക്കുന്നു എന്ന് ഡോ. ബിനുമോൾ ടോം വിലയിരുത്തുന്നു. "ഇളം ചൂടും ഈർപ്പവും മാറിമാറിവരുന്ന, ചിലപ്പോൾ കനത്തമഴ പെയ്യുന്ന കാലാവസ്ഥ ഇവിടുത്തെ വാസ്തുകലാരീതിയിൽ നല്ല സ്വാധീനത ചെലുത്തിയിട്ടുണ്ട്. പത്തായപ്പുരപോലെ പ്രധാന കെട്ടിടത്തിൽ നിന്നുമാറി സ്ഥിതിചെയ്യുന്ന എടുപ്പുകൾ, നടുമുറ്റത്തേക്ക് തുറക്കുന്ന മുറികൾ, രണ്ടറ്റവും മുഖപ്പുകളുള്ള ചെരിഞ്ഞ മേൽക്കൂര, വീടുകളുടെ എല്ലാ ഇറയങ്ങളിലും വരാന്തകൾ - എന്നിവയൊക്കെ ചില ഉദാഹരണങ്ങൾ മാത്രം" (2013: 1343). കേരളത്തിൽ, കൂടുതൽ ചെരിവുള്ള മേൽക്കൂരകളും സമതലത്തിൽ നിന്നും ഉയർന്ന തറകളും മഴവെള്ളത്തെ പ്രതിരോധിക്കാൻ അത്യാവശ്യമാണ്. കടലേറ്റത്തേയും ഭൂകമ്പങ്ങളെയും മണ്ണിടിച്ചിലിനെയും വെള്ളപ്പൊക്കത്തെയും പരിഗണിച്ചു മാത്രമേ നമുക്ക് ഭൂമി തിരഞ്ഞെടുക്കാൻപോലും കഴിയൂ.

നെൽവയൽ, ദേവാലയം, സമുദ്രം, നദി, ഋഷിയാശ്രമം, ഗോശാല, പർവ്വതം എന്നിവയുടെ അടുത്ത് പുരപണിയുന്നത് പല അനർത്ഥങ്ങളുമുണ്ടാക്കുമെന്ന് മനുഷ്യാലയചന്ദ്രികയിൽ സൂചനയുണ്ട്.[1] ആരാധനാലയങ്ങളുടെ സമീപത്തെ വീടുകൾക്ക് അവയെക്കാൾ ഉയരം കൂടുതലാകുന്നത് ഉചിതമല്ല എന്ന ചിന്ത ഇന്നും എല്ലാ മതവിശ്വാസികളുടെ ഇടയിലുമുണ്ട്.

വാസ്തുവിദ്യാ സംബന്ധമായി നമുക്ക് ലഭ്യമായിട്ടുള്ള തന്ത്രസമുച്ചയം, മനുഷ്യാലയ ചന്ദ്രിക, വാസ്തുവിദ്യ, ശില്പരത്നം തുടങ്ങിയ സംസ്കൃതകൃതികൾ ഈ കലാവിദ്യയുടെ മികവും പ്രാവീണ്യതയും രേഖപ്പെടുത്തുന്നു. തന്ത്രസമുച്ചയത്തിൽ ക്ഷേത്രനിർമ്മാണത്തെക്കുറിച്ചും മനുഷ്യാലയ ചന്ദ്രികയിൽ ഗൃഹനിർമ്മാണത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. തന്ത്രസമുച്ചയത്തിന്റെ ഗ്രന്ഥകാരനായ ചേന്നാസ്സ നമ്പൂതിരിപ്പാടിന്റെ ജനനം കൊല്ലവർഷം 603 മേടമാസത്തിലാണ് എന്ന് ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ വിലയിരുത്തുന്നു.[2] പതിനഞ്ചാം നൂറ്റാണ്ടിൽ തന്നെ വാസ്തുവിദ്യയെ സംബന്ധിച്ച വിപുലമായ നിർദ്ദേശങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരുന്നു എന്ന് സാരം. അതിനുമുൻപും പിൻപും വാസ്തുവിദ്യയിൽ കൃത്യമായ നിയമങ്ങളും നിയന്ത്രണങ്ങളും പാലിക്കപ്പെട്ടിരുന്നു എന്ന് മനസ്സിലാക്കണം. ഗൃഹനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം സാമൂഹികക്രമവും സവിശേഷ ശ്രദ്ധയർഹിക്കുന്നുണ്ട്. ജാതിവ്യവസ്ഥ നിലനിന്നിരുന്ന ഘട്ടത്തിൽ വേഷവിധാനത്തിൽ എന്നപോലെ ഭവനം കൊണ്ടും ജാതി തി

 ISSN: 2582 - 2594

രിച്ചറിയാൻ സാധിക്കുമായിരുന്നു. കൊട്ടാരവും കോവിലകവും രാജാവിന് സ്വന്തം. മാളികയും ഇല്ലവും മനയും മാവുമെല്ലാം ആഢ്യൻമാർക്ക് മാത്രം സാധ്യമാകുന്നതാണ്. ശൂദ്രന്റേത് ചെറ്റകളും കുപ്പകളും കുടിലുകളുമായിരുന്നു. ഓട്ടുമേയണമെങ്കിൽ പ്രത്യേകം അനുവാദം വേണം. അത് ശൂദ്രന് അസാധ്യവുമല്ലായിരുന്നു.

കേരളത്തിൽ ചൂടുകടക്കാത്ത ഓടിട്ട വീടുകളായിരുന്നു ധനികരുടേത്. ഓലമേഞ്ഞ പുരകളാകട്ടെ സാധാരണക്കാരന്റേതും. പുര എന്ന വാക്കുതന്നെ അനാർഭാടമായ വീട് എന്ന ചിന്തയാണ് ഉണർത്തുന്നത്. പുല്ലോ ഓലയോ കൊണ്ട് മേഞ്ഞ പുരകൾ ജാതിവ്യവസ്ഥയെ മാത്രമല്ല, താഴ്ന്നസാമ്പത്തിക നിലയേയും പ്രതിഫലിപ്പിച്ചിരുന്നു. ക്രൈസ്തവ- ഇസ്ലാം മതവിശ്വാസികൾക്കിടയിലും ഓലമേഞ്ഞ വീടുകൾ കാണാമായിരുന്നു. തറയിൽ മണ്ണുപൊത്തി അതിനു മുകളിൽ ചാണകംമെഴുകിയ വീടുകൾ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിലധികം കാലം വരെ ഇവിടെ സാധാരണമായിരുന്നു. ഇത്തരം പുരകൾ വർഷാവർഷം പുതുക്കിപ്പണിയേണ്ടിവന്നു. പുരകെട്ട് ഒരാഘോഷം തന്നെയായിരുന്നു അക്കാലത്ത്. പുരകെട്ടിന്റെ അന്ന് ബന്ധുക്കളും അയൽക്കാരും ഒത്തുചേർന്ന് കഞ്ഞിയും പുഴുക്കും ഉണ്ടാക്കിക്കഴിച്ച് ആഘോഷമാക്കിയിരുന്നു എന്ന് വീട്ടിലെ മുതിർന്നവർ പറഞ്ഞ് കേട്ടിട്ടുണ്ട്. ഓലമേഞ്ഞ പുരകൾ വർഷാവർഷം പുതുക്കിപ്പണിയേണ്ടിവന്നിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ പുരകെട്ടിനെക്കുറിച്ച് പി. ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നുണ്ട്, “എത്ര വമ്പനും ഒറ്റയ്ക്ക് ഒരു പുര മേഞ്ഞുകെട്ടാൻ കഴിയില്ല. അതിനു മറ്റുള്ളവരുടെ സഹായം കൂടിയേ കഴിയൂ. വർഷംപ്രതി വേനൽക്കാലത്താണ് പുരമേയുക. പതിവ് തെറ്റിയാൽ, അടുത്ത മഴയ്ക്ക് വെള്ളം വീടിനകത്താവും. ഈ ദുരിതത്തെ സാമൂഹ്യദുരിതമായി കാണാനും അതിന് ഒരുമിച്ചുതന്നെ പ്രതിവിധി ചെയ്‌വാനും കരയോഗങ്ങൾ സന്നദ്ധമായിരുന്നു എന്നുള്ളതാണ് മർമ്മസ്പൃക്കായഭാഗം. ഒരാൾ മറ്റുള്ളവർക്കുവേണ്ടി, മറ്റുള്ളവർ ഒരാൾക്കു വേണ്ടി എന്ന സിദ്ധാന്തത്തിന്റെ പ്രായോഗികമായ നിറവേറ്റലാണ് ഈ കെട്ടിമേയൽ” (2000:85). പരസ്പര സഹകരണത്തിന്റെ ഒരു വലിയപാഠം തന്നെയാണ് ഈ പുരമേയൽ. കൊച്ചിരാജ്യചരിത്രത്തിൽ ഇക്കാര്യം ഇപ്രകാരം രേഖപ്പെടുത്തുന്നു, “ഓരോ വീട്ടുകാരും മറ്റുള്ളവരുടെ പുരകെട്ടു കഴിച്ചു കൊടുക്കണം. പുര കെട്ടിനുള്ള ഓല തയ്യാറായാൽ വീട്ടിലുള്ളവർ പോയി ശേഷം വീട്ടുകാരെ ക്ഷണിക്കും. പിറ്റേദിവസം നേരത്തെ കരക്കാർ ചെന്നു പുരയുടെ ഓല പൊളിച്ചു അടിച്ചു നന്നാക്കി പുതിയ ഓലകൊണ്ടു മേഞ്ഞുകൊടുക്കും. കരക്കാർക്ക് ഈ വകയിൽ പ്രതിഫലമായി ഒന്നും കൊടുക്കുകയില്ല. മുറുക്കുവാൻ വെറ്റില, അടക്ക, ചുണ്ണാമ്പ്, പുകയില, ദാഹനിവൃത്തിക്കു സംഭാരം, പാനകം ഇതുകൾ തയ്യാറുണ്ടായിരിക്കും. ഉച്ചയ്ക്ക് കഞ്ഞിയുടെ വട്ടവും വൈകുന്നേരം സദ്യയും ഉണ്ട്” (രണ്ടാം പുസ്തകം പുറം 581-582). ഇന്ന് ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്കായി അതിഥി തൊഴിലാളികളെ ആശ്രയിക്കുന്ന പുതിയ തലമുറയ്ക്ക് ഇതൊരു അതിശയകരമായ സംസ്കാരചരിത്രം തന്നെയാണ്.

### ശ്രേഷ്ഠഭൂമി

ജാതിക്രമമനുസരിച്ച് ഗൃഹനിർമ്മാണത്തിനുള്ള ഭൂമി തിരഞ്ഞെടുക്കേണ്ടത് എങ്ങനെയെന്ന് മനുഷ്യാലയ ചന്ദ്രികയിൽ പറയുന്നത് ഇപ്രകാരമാണ്, വളരെ കുശയുള്ളതും നീളവും വീതിയും സമമായിട്ടുള്ളതും മണ്ണിനു വെളുപ്പ നിറമുള്ളതുമായ ഭൂമി ബ്രാഹ്മണനു പുരചമപ്പാൻ

നല്ലതാകുന്നു. അമ്ലക്കൂട്ടമുള്ളതും വീതിയിൽ എട്ടിലൊന്നു നീളമേറിയതും മണ്ണിനു ചുവപ്പുനിറവും ചോരയുടെ ഗന്ധവും ചവർപ്പു രസമുള്ളതുമായ ഭൂമി ക്ഷത്രിയർക്ക് നല്ലതാകുന്നു. എല്ലാകാലത്തും വളരെ കറുകയുള്ളതും വീതിയിൽ ആറൊന്നു നീളമേറിയതും മണ്ണിന് മഞ്ഞ നിറവും ചോറി കയ്പുരസമുള്ളതുമായ ഭൂമി വൈശ്യന് പുര പണിയാൻ നല്ലതാകുന്നു. ആറ്റുദർഭ വളരെയുള്ളതും വീതിയിൽ നാലിലൊന്ന് നീളമേറിയതും മണ്ണു കറുത്തനിറത്തോടും മദ്യത്തിന്റെ ഗന്ധത്തോടും എരിവു രസത്തോടും കൂടിയിരിക്കുന്നതുമായ ഭൂമി ശൂദ്രന് ഗൃഹമുണ്ടാക്കാൻ നല്ലതാകുന്നു.[3] വിശുദ്ധമായതെന്തും സവർണ്ണന് സ്വന്തം എന്ന ചിന്ത ഇത്തരം നിഷ്കർഷകളിലെല്ലാം കണ്ടെത്താനാവും. തച്ചുശാസ്ത്ര വൈദഗ്ധ്യത്തിന്റെ കുത്തക ഉപരിവർഗ്ഗങ്ങളായിരിക്കുമെന്ന് ഉറപ്പുവരുത്തുക കൂടി ചെയ്യുന്നുണ്ട് ഈ കൃതികൾ.

ഗൃഹനിർമ്മാണത്തിനുള്ള മണ്ണിന്റെ ഉറപ്പ് പരീക്ഷിച്ചു മനസ്സിലാക്കുന്നതിന് വളരെ ലളിതമായമാർഗ്ഗങ്ങൾ വാസ്തുശാസ്ത്രം നിർദേശിക്കുന്നുണ്ട്. പണിയാനുള്ള ഭൂമിയിൽ ഒരു കോൽ സമചതുരത്തിലും ആഴത്തിലും കുഴിയെടുക്കുക. കുഴിയിൽ നിന്നും പുറത്തെടുത്തമണ്ണ് വീണ്ടും കുഴിയിൽ തന്നെ നിക്ഷേപിക്കുക. മണ്ണ് ബാക്കി വരികയാണെങ്കിൽ ആ ഭൂമി ഏറ്റവും ഉറപ്പുള്ളതാണ് എന്ന് തീരുമാനിക്കാം. വീട് പണിയുന്ന ഭൂമിയിലെ വായുവിലെ ഓക്സിജന്റെ ലഭ്യത അളക്കുന്നതിനും തനതായ മാർഗ്ഗങ്ങളുണ്ട്. ഒരുകോൽ സമചതുരത്തിലും ആഴത്തിലും കുഴിയെടുക്കുക. ഇതിൽ വേവിക്കാത്ത മൺപാത്രത്തിൽ നെല്ല് നിറച്ച ചട്ടി മൂടിവയ്ക്കുക. അതിൽ വെള്ള, മഞ്ഞ, ചുവപ്പ്, കറുപ്പ് എന്നീ നാലു നിറത്തിൽ കിഴക്കു തുടങ്ങി പ്രദക്ഷിണ ക്രമത്തിൽ കത്തിക്കുന്നു. കത്തുന്നതിരിയുടെ ശോഭ, പുക എന്നിവ നോക്കി ഓക്സിജന്റെ അളവ് നിർണ്ണയിക്കാം. കുഴിയിൽ തിരികൾ കത്തുന്നതിനാൽ ഓക്സിജനേക്കാൾ ഭാരം കൂടിയ വിഷഹാരിയായ വാതകങ്ങൾ കുഴിയിൽ അടിയും. മൂടി തുറന്നാൽ തിരി കത്തുന്നുണ്ടെങ്കിൽ അത് ശ്രേഷ്ഠഭൂമിയാണ് എന്ന് നിശ്ചയിക്കാം. അവിടെ ഓക്സിജൻ കുറവാണെങ്കിൽ തിരികൾ പെട്ടെന്ന് കെട്ടുപോകും.

ഗവേഷണം എന്ന് ഇന്ന് വ്യാപകമായി ഉപയോഗിക്കുന്ന പദത്തിന് പിന്നിലും ഗോക്കളെ ഉപയോഗിച്ച് വാസ്തുനിർമ്മിതിക്കായി ശ്രേഷ്ഠ ഇടം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട അർത്ഥമാണ് ഉണ്ടായിരുന്നതത്രേ. നിർമ്മിതിക്കായി ഉദ്ദേശിക്കുന്ന പറമ്പിലേക്ക് ഒരു പശുവിനെ സ്വതന്ത്രമായി മേയാൻ വിടുന്നു. ആദ്യ ഇരുപത്തൊന്ന് ദിവസത്തേക്ക് ഈ പശുവിനെക്കുറിച്ച് യാതൊരു അന്വേഷണവും നടത്തുന്നില്ല. എന്നാൽ ഇരുപത്തൊന്ന് ദിവസത്തിനുശേഷം ഈ പശുവിനെ തിരയുന്ന കർമ്മത്തിനാണ് ഗവേഷണം എന്ന വാക്ക് ഉപയോഗിച്ചിരുന്നത്. ഇത്രയും ദിവസത്തിനുള്ളിൽ ഭക്ഷണം എല്ലാം കഴിഞ്ഞു കിടക്കാൻ ഏറ്റവും നല്ല ഇടം ആ പശു തിരഞ്ഞെടുത്തിരിക്കും. ഇതുതന്നെയാണ് നിർമാണത്തിനും ഏറ്റവും ഉചിതമായ സ്ഥാനം.

## നിർമ്മാണ വൈദഗ്ധ്യം

നാലുകെട്ടുകളുടെ നിർമ്മാണവൈദഗ്ധ്യവും കരകൗശലവും ശ്രദ്ധേയമാണ്. കേരളത്തിൽ വാസ്തുവിദ്യാരംഗത്ത് തച്ചന്മാർക്ക് ഏറെ പ്രാധാന്യം ലഭിച്ചിരുന്നു. തച്ചുശാസ്ത്രം വാസ്തുവിദ്യയുടെ ഒരു പ്രധാന ഭാഗമാണ്. ഗൃഹ-ക്ഷേത്ര-വിഗ്രഹ-ശില്പ നിർമാണങ്ങളിലെല്ലാം തച്ചന്മാർക്ക് വലിയ പ്രാധാന്യമുണ്ട്. ഗൃഹനിർമ്മാണവസ്തുക്കളിൽ പ്രധാനം മരം തന്നെയായിരുന്നു. കഴുക്കോലുകളും ഉത്തരവും വളയങ്ങളും ജനൽവാതിലുകളും കട്ടിളകളും തുടങ്ങി ഭിത്തികൾ

പോലും മരത്തിൽ നിർമിക്കുന്ന രീതി പ്രചാരത്തിലിരുന്നു. തേക്ക്, ഈട്ടി, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളുടെ കാതലുള്ള ഭാഗമാണ് ഇതിനായി ഉപയോഗിക്കുക. "ദിവാൻ പേഷ്കാർ ശങ്കുണ്ണി മേനോനെപ്പോലെ പ്രഭുത്വവും ആഢ്യത്വവും ഔദ്യോഗിക പ്രഭുത്വവും ഉള്ള ചുരുക്കം ചിലർക്കു മാത്രമേ ഭവനനിർമ്മാണത്തിന് ഈട്ടിയും തേക്കും അനുവദിച്ചിരുന്നുള്ളൂ. തേക്ക് ഇരുപതാം നൂറ്റാണ്ടിലും രാജകീയ വൃക്ഷമായിരുന്നു. രാജകീയ വസതികൾക്കോ തത്തുല്യമായ വസതികൾക്കോ അല്ലാതെ തേക്ക് ഉപയോഗിക്കാൻ പാടില്ലായിരുന്നു. പദവിയും പ്രഭുത്വവും കുറഞ്ഞവർ പ്ലാവോ ആഞ്ഞിലിയോകൊണ്ട് മരച്ചുവരു നിർമ്മിച്ചുവന്നു" എന്ന് പി.ഭാസ്കരനുണ്ണി രേഖപ്പെടുത്തുന്നു (2000: 85). തേക്കുകൊണ്ട് പണിത വീടുകൾ 400 കൊല്ലം കഴിഞ്ഞും കേടുകൂടാതെ നിൽക്കുന്നതായി കെ. പി. പത്മനാഭമേനോൻ സാക്ഷ്യപ്പെടുത്തുന്നത് ശ്രദ്ധേയമാണ്, "മലയാളത്തിലുള്ള വീടുകൾ മിക്കവയും തേക്കുകൊണ്ടാണു പണിചെയ്തിട്ടുള്ളത്. നാനൂറു കൊല്ലങ്ങൾക്കുമേൽ പഴക്കം ചെന്നതായ പല വീടുകളും ഞാൻ കണ്ടിട്ടുണ്ട്. ഇക്കാലത്തിനിടക്ക് അവകൾക്ക് യാതൊരു ദോഷവും തട്ടിക്കണ്ടിട്ടില്ല. ഈ മരത്തിനും പുരകൾ മേയുന്ന ഓലയ്ക്കും ഈർമ്മയെ ആകർഷിക്കുന്നതിനും സൂര്യൻ ഉദിച്ചു വെയിലും കാറ്റും തട്ടിയാൽ ആ ഈർമ്മയെ അകറ്റിക്കളയുന്നതിനുമുള്ള ശക്തി ഉണ്ട്. അതുകൊണ്ട് കല്ലും കുമ്മായവും കൊണ്ടു പണിചെയ്തിട്ടുള്ള വീടുകളേക്കാൾ ഈ വീടുകൾ വാസത്തിന് അധികം ദേഹസുഖമുള്ളതാകുന്നു" (കൊച്ചി രാജ്യചരിത്രം രണ്ടാം പുസ്തകം, പുറം 581-583). ഗൃഹനിർമ്മാണത്തിൽ നല്ലവണ്ണം മൂത്ത് പാകമായ ഒരേ ജാതിയിൽപ്പെട്ട മരം തന്നെ ഉപയോഗിക്കേണ്ടതുണ്ട്. മരത്തിന് ബലം നൽകുന്ന അതിന്റെ നാരുകളിലെ കൂട്ടിപ്പിടുത്തം അന്തരീക്ഷ ഈർപ്പം കൊണ്ട് സങ്കോചവികാസങ്ങൾക്ക് കാരണമായേക്കാം. ഇത്തരം സന്ദർഭങ്ങളിൽ ഒരേ ഇനത്തിൽപ്പെട്ട മരം തന്നെ വാതിൽപ്പടിയും വാതിലും തീർക്കാൻ ഉപയോഗിച്ചില്ലെങ്കിൽ അവയുടെ തണ്ടോ വാതിലോ വട്ടച്ചു പോകുന്നതിന് കാരണമാകും.

ഓടു മേയാനായി രൂപപ്പെടുത്തുന്ന മേൽക്കൂരയുടെ ചട്ടക്കൂട് ശ്രദ്ധേയമാണ്. ഉത്തരത്തിലും മോന്തായങ്ങളിലുമായി കഴുക്കോലുകൾ കൊണ്ട് വളബന്ധങ്ങൾ ഉണ്ടാക്കി ബന്ധിച്ച് ദൃഢപ്പെടുത്തുന്ന കേരളീയ തച്ചന്മാരുടെ കരവിരുത് അതിശയിപ്പിക്കുന്നതാണ്. കർക്കശവും കൃത്യവുമായ കൈ കണക്കുകളും ആനുപാതികതയിലൂന്നിയ അംശക്രമവുമായി ചേർന്ന ഗണിതസമ്പ്രദായം ഇതിന് അനുബന്ധമായി നിൽക്കുന്നു. കേരളീയ വാസ്തുവിദ്യയെ സവിശേഷമാക്കുന്ന ഈ ത്രികോണ ഗണിതം നാം കേട്ടുപഠിച്ച പൈത്തഗോറസ് സിദ്ധാന്തത്തിലെ പ്രായോഗിക തന്ത്രം തന്നെയാണ് എന്ന് ഡോ. പി. വി. ഔസേപ്പ് നിരീക്ഷിക്കുന്നുണ്ട്, "ഒരു ത്രികോണത്തിന്റെ ഒരു ഭുജം അളവ് 3, മറ്റു ഭുജം, അളവ് 4 എന്നിങ്ങനെ ആയാൽ കർണ്ണം അളവ് 5 ആകും. പൈതഗോറസ് സിദ്ധാന്തത്തിന്റെ ഉത്ഭവത്തിന് വളരെക്കാലം മുന്നേ ഈ സംവിധാന-പ്രയോഗ-തന്ത്രം ഭാരതത്തിൽ നിലനിന്നു പോന്നിരുന്നു. ഭാരതത്തെ കൂടാതെ പഴയ സുമേറിയൻ സംസ്കാരത്തിലും അഗ്നിയുടെ വേദി പണിയുന്നതിന് ഉപയുക്തമാക്കിയിരുന്ന തന്ത്രം 3 - 4 - 5 കണക്കു തന്നെയായിരുന്നു. മേൽക്കൂരയുടെ ഇരുവശത്തുമുള്ള കഴുക്കോൽ വിന്യാസം മുഖായത്തിനു നേരെ കീഴോട്ടു ഭാഗിച്ചാൽ കിട്ടുന്നത് രണ്ട് റൈറ്റ് ആംഗിൾ ട്രയാംഗിളുകളാണ്. ഇവയിലാണ് "3- 4-5" കണക്കുകളാൽ പ്രയോഗിക്കപ്പെടുന്നത്. ഈ പ്രയോഗത്തിന് ഉത്തരച്ചുറ്റുകൂടി പ്രാധാന്യത്തോടെ തന്നെ ക്രമീകരിക്കേണ്ടത്. കഴുക്കോൽ ചെരിവുകൾ മാറുന്നതനുസരിച്ച്

ഈ ഗണിത ക്രമത്തിൽ മാറ്റം വരും. തച്ചുഭാഷയിൽ 'ഒരു വിരൽ ചരിവ്', 'ഒന്നേകാൽ വിരൽ ചരിവ്', 'ഒന്നര വിരൽ ചെരിവ്' എന്നീ മൂന്നുചരിവുകൾ ആവശ്യം പോലെ പ്രയോഗിക്കപ്പെടുന്നു" (2006: 103). ചെരിഞ്ഞ മേൽക്കൂരയ്ക്കൊപ്പം ചുമർ ഭിത്തികളിൽനിന്ന് പുറത്തേക്ക് നീട്ടിയിടുന്ന കഴുക്കോൽ ചാട്ടം മഴചാറ്റലിനെയും വെയിലിനെയും പ്രതിരോധിക്കാൻ സഹായകമാണ്.

വായുസഞ്ചാരം ഗൃഹനിർമ്മാണത്തിൽ ഏറെ പ്രധാനം തന്നെയാണ്. മുറികളിൽ സ്വാഭാവികമായ വായുപ്രവാഹത്തിനായി ജനൽവാതിലുകൾ നേർരേഖയിൽ വിന്യസിക്കുന്നു. നാലുകെട്ടുകളെ സുഖവാസ സ്ഥാനങ്ങളാക്കുന്നത് താപനിലയനുസരിച്ച് അതിനകത്തെ കാറ്റിന്റെ പ്രവാഹത്തിന്റെ അളവ് കൂടുതലായതിനാലാണെന്ന് ഡോ. പി. വി. ഔസേപ്പ് വിലയിരുത്തുന്നു. "സൂര്യന്റെ കിരണങ്ങൾ നേരിട്ട് നടുമുറ്റത്ത് പതിക്കുമ്പോൾ അതിനകത്തെ വായുമണ്ഡലം ഒന്നാകെ ചൂടാകുന്നു. ഇപ്രകാരം ചൂടാകുന്ന വായു വികസിച്ച് കനംകുറഞ്ഞ് നേരെ തുറന്നുകിടക്കുന്ന മേലോട്ട് ഉയരുന്നു. വായു ഉയർന്നുപോയ ഇടം നാലുകെട്ടിന്റെ പാർശ്വങ്ങളിൽ നിന്നു വരുന്ന കാറ്റുകൊണ്ട് നിറയുന്നു. ഈ ഭാഗം വീണ്ടും വീണ്ടും ചൂടാകുമ്പോൾ വായു മേലോട്ട് ഉയർന്ന് കാറ്റ് രൂപപ്പെടുന്നു. ഈ പ്രക്രിയ നിരന്തരം ഉണ്ടാകുന്നതിനാൽ നാലുകെട്ടിലെ വാസം ഏറ്റവും ഹൃദ്യമാകുന്നു" (2006:141-2).

ചതുഷ്കോണാകൃതിയിൽ പണിയുന്ന നാലുകെട്ടുകൾ നടുമുറ്റത്തിനു ചുറ്റുമായി തെക്കിനി, കിഴക്കിനി, വടക്കിനി, പടിഞ്ഞാറ്റിനി എന്നിങ്ങനെ പരസ്പരബന്ധമുള്ള നാലു പുരകളാണുള്ളത്. ഒരു പുര മാത്രമാണ് നിർമ്മിക്കുന്നതെങ്കിൽ തെക്കിനിയാണ് പണിയേണ്ടത്. രണ്ടു പുരയാണെങ്കിൽ തെക്കിനിയും പടിഞ്ഞാറ്റിനിയും മൂന്ന് പുരയാണെങ്കിൽ വടക്കിനിയും പണി കഴിക്കുന്നു. നാലുകെട്ടിലാണ് കിഴക്കിനിയും കൂടി പ്രത്യക്ഷപ്പെടുന്നത്. പത്തായപ്പുരയും പടിപ്പുരയുമുള്ള ഇത്തരം നാലുകെട്ടുകൾ ഇരുനില മാളികകളായും കാണാം. കിഴക്കിനിയിൽ ഔപാസനം അഗ്നിഹോത്രം മുതലായ ദേവപൂജകളും വടക്കിനിയിൽ സ്ത്രീകൾ, കുട്ടികൾ മുതലായവരുടെ വാസവും ചെയ്യാമെന്നാണ് മനുഷ്യാലയ ചന്ദ്രികയിൽ നിർദ്ദേശിക്കുന്നത്. തെക്കിനിയിൽ അതിഥി സൽക്കാരവും പടിഞ്ഞാറ്റിനിയിൽ പണം സൂക്ഷിച്ചുവയ്ക്കുകയുമാവാം. തെക്കിനിയുടെയും വടക്കിനിയുടെയും നടുവിലുള്ള കോൺഗൃഹങ്ങളിൽ ശയനവും വിദ്യാഭ്യാസവുമാണ് നിർദ്ദേശിക്കുന്നത്.[5] വലിയ ആഡംബരങ്ങൾ ഇല്ലാത്ത നാലുകെട്ട് മാതൃകയിലുള്ള ചെറിയ വീടുകൾ ഇന്ന് സാധാരണക്കാരും പണിതീർക്കുന്നുണ്ട്.

### ക്ഷേത്ര നിർമ്മിതി

പൊ.വ. 800-ന് മുൻപുള്ള കാലം കാവുകളുടേതായിരുന്നു എന്ന് വേണം കരുതാൻ. പ്രകൃതിക്കും അതിലെ ജീവജാലങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരിടത്തിൽ ഉയർന്ന തറയിൽ പ്രതിഷ്ഠിച്ച കൽവിഗ്രഹങ്ങളായിരുന്നു ആരാധനാമൂർത്തികൾ. ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്ന പ്രകൃതിദത്ത ആരാധനാലയങ്ങളായിരുന്നു കാവുകൾ. എട്ടാം നൂറ്റാണ്ടിനു ശേഷമായിരുന്നിരിക്കണം ശ്രീകോവിലോടുകൂടിയ ക്ഷേത്രം എന്ന സങ്കൽപത്തിലേക്ക് എത്തിച്ചേരുന്നത്. കാവുകൾ രൂപാന്തരം പ്രാപിച്ചാണ് ക്ഷേത്രങ്ങളായി പരിണമിച്ചത് എന്ന ചിന്തയും ഉണ്ട്. ദേവാലയങ്ങളുടെ നിർമ്മാണവിധികളിൽ ജൈനബൗദ്ധ മതങ്ങൾക്കും പങ്കുണ്ടായിരുന്നിരിക്കാം എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. "കേരളത്തിൽ അറിയപ്പെടുന്ന ദേവാലയങ്ങളിൽ

 ISSN: 2582 - 2594

ചിലത് - തൃക്കണാമതിലകം, ആലത്തൂർ മുതലായവ - ജൈനമതക്കാരുടേതായിരുന്നു. ബുദ്ധ ജൈനമതങ്ങളുടെ നിർമ്മാണ മാതൃകയായ Aspidal രൂപം പല ക്ഷേത്രങ്ങളിലും കാണപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ മറ്റുപല ഭാഗങ്ങളിലും സംഭവിച്ചതുപോലെ തച്ചുശാസ്ത്രവിധികൾ പലതും ബ്രാഹ്മണർ ബുദ്ധ ജൈനമതങ്ങളിൽ നിന്ന് സ്വായത്തമാക്കിയതായിരിക്കാം" എന്ന് കെ. എൻ. ഗണേഷ് വിലയിരുത്തുന്നു (1997: 269). മേൽത്തട്ടിൽനിന്നും പുറത്തേക്ക് തള്ളി നിൽക്കുന്ന മേൽക്കൂരയുടെ അർദ്ധവൃത്താകൃതിയിലോ ബഹുകോണാകൃതിയിലോ കാണപ്പെടുന്ന എടുപ്പുകളാണ് Aspidal രൂപത്തിന്റെ സവിശേഷത. പുറമേനിന്ന് നോക്കിയാൽ മുകൾഭാഗം അർദ്ധവൃത്താകൃതിയായിരിക്കും. ആര്യ - സംസ്കൃത വാസ്തു ശാസ്ത്രങ്ങൾ ഉരുത്തിരിഞ്ഞു വരുന്നതിനുമുമ്പേ കേരളത്തിലുണ്ടായിരുന്ന ഭവനമാതൃകകളുടെ ചുവടുപിടിച്ചാണ് ക്ഷേത്രങ്ങളുടെ ശ്രീകോവിലുകൾ നിർമ്മിച്ചിരുന്നതെന്ന അഭിപ്രായത്തെക്കുറിച്ച് പി. ഭാസ്കരനുണ്ണി സൂചിപ്പിക്കുന്നുണ്ട്. അടിഭാഗം ചതുരത്തിലോ വൃത്താകൃതിയിലോ ഉള്ളതും മേൽഭാഗം കൂമ്പിയിട്ടുള്ളതുമായ വീടുകളാണ് അവരുടേത്. അധഃകൃതരെന്ന് പറയുന്നവരുടെ 'വീട്'കൾക്കുള്ള പ്രത്യേക സാമ്യവും അവയുടെ നിർമ്മാണ രീതിയിലുള്ള പൊതുവായ കൂറടക്കവും ഇനിയും ഗവേഷണവിഷയമാക്കേണ്ടതുണ്ട് എന്നദ്ദേഹം വിലയിരുത്തുന്നു.[6] എത്ര വലിയ ക്ഷേത്രങ്ങളുടെയും ശ്രീകോവിലുകൾക്ക് ആ കൊച്ചുകുടിലുകളുടെ കൃശതയും കൃത്യതയും കാണാനാകും.

തന്ത്രസമുച്ചയ വിധിപ്രകാരം തീർത്ഥസ്ഥാനങ്ങളുടെ തീരത്തോ വനാന്തർഭാഗത്തോ മറ്റോ തിരഞ്ഞെടുക്കുന്ന ഭൂമിയാണ് ക്ഷേത്ര നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പുഴകൾ പരസ്പരം സന്ധിക്കുന്ന ഇടം ക്ഷേത്രനിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണ് എന്നും സൂചനയുമുണ്ട്. "ക്ഷേത്രനിർമ്മാണത്തിന് തീരുമാനിക്കുമ്പോൾ തന്നെ നിർദ്ദിഷ്ട ഭൂമി പരിശോധിച്ച് ദിങ്നിർണയവും ഭൂമിയുടെ ഉയർച്ചതാഴ്ചകളും കണ്ടെത്തണം. 'ദേവാലയ സമുദ്ദിശ്യ ഭൂമി സമ്യക് പരീക്ഷയേത്' എന്ന് പ്രമാണമുണ്ട്. ക്ഷേത്രനിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ചടങ്ങിന് 'ഭൂപരിഗ്രഹ' മെന്നാണ് പേര്. സുപത്മാ, ഭദ്രാ, പൂർണ്ണ എന്നീ പേരുകളിലുള്ള ഭൂമി ക്ഷേത്രനിർമ്മാണത്തിന് ഉത്തമവും ധൂമ്രാഭൂമി അധമവും ആകുന്നു. ആചാര്യനും ശിൽപ്പികളും പരികർമ്മികൾ ക്ഷേത്രം നിർമ്മാതാവും ഇവിടെ സന്ധിക്കുന്നു. ഭൂമി അളന്ന് ദിക്കുകൾ മനസ്സിലാക്കണം" എന്നിങ്ങനെ ക്ഷേത്രനിർമ്മാണത്തിന്റെ ആദ്യ ഘട്ടങ്ങളെക്കുറിച്ച് കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് ക്ഷേത്രസങ്കൽപം എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നു (2013:1326). എട്ടാം നൂറ്റാണ്ടിനു ശേഷമായിരിക്കണം ഗർഭഗൃഹവും നമസ്കാരമണ്ഡപവും എല്ലാമടങ്ങുന്ന ക്ഷേത്രനിർമ്മിതികൾ കണ്ടുതുടങ്ങുന്നത്. തുടർന്ന് ഇവയെയെല്ലാം ചുറ്റുന്ന നാലമ്പലവും ബലിക്കല്ലുകളും സ്ഥാപിക്കപ്പെട്ടു. ചില ക്ഷേത്രങ്ങളിൽ ശ്രീകോവിൽ ഗജപൃഷ്ഠാകൃതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ചതുരാകൃതിയിലുള്ള ശ്രീകോവിലുകളാണെങ്കിൽ അവയുടെ മേൽക്കൂര പിരമിഡാകൃതിയിലായിരിക്കും. മരം കൊണ്ടുള്ള മേൽക്കൂരയുടെ ചട്ടക്കൂട് സാങ്കേതികത്തികവോടെയാണ് പണിതെടുക്കുന്നത്. വാസ്തുശാസ്ത്ര ഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്ന അളവനുസരിച്ചുള്ള ശ്രീകോവിലിന്റെ ഒന്നോ ഒന്നരയോ ഇരട്ടി അകലത്തിലാണ് ചുറ്റമ്പലം പണിയുന്നത്. നാലമ്പലം എന്നും അറിയപ്പെടുന്ന ഈഭാഗം ശ്രീകോവിലിനു ചുറ്റുമായി കെട്ടിയുയർത്തിയ സ്ഥലമാണ്. ചുറ്റമ്പലത്തിലെ ഒരുവശത്തായി തിടപ്പിള്ളി എന്നറിയപ്പെടുന്ന ചെറിയ പാചകശാല കാണാം. ശ്രീകോവിലിനു മുന്നിലുള്ള ഭാഗമാണ് സോപാനം. വാതിൽ

മാടം വഴിയാണ് അമ്പലത്തിലേക്ക് പ്രവേശിക്കുന്നത്. വിളക്കുമാടത്തിന് പുറത്ത് ശ്രീകോവിലിന് നേരെയായിട്ടാണ് കൊടിമരം സ്ഥിതിചെയ്യുന്നത്. ഇവയെല്ലാം സംരക്ഷിക്കുന്നത് ഗോപുരത്തോട്ടുകൂടിയ ക്ഷേത്രമതിൽക്കെട്ടാണ്.

**കൂത്തമ്പലം**

ശ്രീ കോവിലിനു മുൻപിൽ ദേവന്റെ വലതുഭാഗത്തായി തെക്ക് കിഴക്ക് മൂലയിൽ വടക്കോട്ട് അഭിമുഖമായിട്ടാണ് കൂത്തമ്പലം പണിയുന്നത്. കൂത്ത്-കൂടിയാട്ടം മുതലായവ അവതരിപ്പിക്കുന്ന രംഗവേദിയാണിത്. തൃശ്ശൂർ, ഇരിങ്ങാലക്കുട, കിടങ്ങൂർ, ഹരിപ്പാട്, ഗുരുവായൂർ, പെരുവനം, മൂഴിക്കുളം, തിരുനക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിൽ കൂത്തമ്പലങ്ങളുണ്ട്. കേരളത്തിലെ പഴക്കം ചെന്ന കൂത്തമ്പലങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിലേത്. ലക്ഷണമൊത്ത കൂത്തമ്പലം കേരളകലാമണ്ഡലത്തിലേതാണ്. “ഉത്തരേന്ത്യൻ ക്ഷേത്രങ്ങളിൽ കാണുന്ന നാട്യ മന്ദിരങ്ങളിൽ നിന്നും അല്ലെങ്കിൽ നാട്യസഭകളിൽ നിന്നും വ്യത്യസ്തമായി തനതായ ഒരു സദനമാണ് കേരളീയ ക്ഷേത്രങ്ങളിലെ കൂത്തമ്പലം. ഇത് ഉയരമുള്ള മേൽക്കൂരകളോടെ വൻ തൂണുകളുള്ള വലിയ മന്ദിരമാണ്. തൂണുകൾ ദാരുവിൽ പണിത ചെറു ഭിത്തികൾ എന്നിവ ലേഔട്ടിൽ മോടിയോടെ അലങ്കരിച്ചിരിക്കുന്നത് ദൃശ്യപരവും ശ്രവണപരവുമായ പരിഗണനയെ കണക്കിലെടുത്തുകൊണ്ടാണ് ” (2013:1346). വിഷ്ണു ധർമോത്തര പുരാണത്തിൽ വികൃഷ്ടം, ചതുരശ്രം എന്ന് രണ്ടുതരം നാട്യഗൃഹങ്ങളെ പറ്റി സൂചനയുണ്ട്. ദീർഘചതുരവും സമചതുരവുമാണവ. ചതുരത്തിന് അളവ് 32 x 32 ഹസ്തങ്ങളാണ്[7] ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ രണ്ടാം അധ്യായമായ മണ്ഡപവിധിയിലാണ് നാട്യഗൃഹ ലക്ഷണങ്ങളെക്കുറിച്ച് വിവരിക്കുന്നത്. അവിടെ വികൃഷ്ടം, ചതുരശ്രം, ത്ര്യശ്രം എന്നിങ്ങനെ മൂന്ന് തരം രംഗവേദികളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ദീർഘചതുരാകൃതിയിലുള്ളത് വികൃഷ്ടവും സമചതുരാകൃതിയിൽ ചതുരശ്രവും മുക്കോണാകൃതിയിൽ ത്ര്യശ്യവും ഉണ്ടായിരിക്കും. വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് മൂന്നിനും ജ്യേഷ്ഠം, മദ്ധ്യം, കനിഷ്ഠം എന്നിങ്ങനെ മൂന്ന് അളവുകളുമുണ്ട്. നൂറ്റെട്ട് കോലാണ് വലുത് (ജ്യേഷ്ഠം), അറുപത്തിനാല് കോല് ഇടത്തരം (മദ്ധ്യം), മുപ്പത്തിരണ്ട് കോല് ചെറുത് (കനിഷ്ഠം) എന്നിവയാണ് അളവുകൾ. ദേവന്മാർ കഥാപാത്രങ്ങളാകുമ്പോഴാണ് വലിയ കൂത്തമ്പലം ആവശ്യമായിവരുന്നത്. രാജാക്കന്മാർ എങ്കിൽ ഇടത്തരം കൂത്തമ്പലം വേണം. മറ്റാരായാലും ചെറുതു മതി. രംഗം വളരെ അകന്നുപോയാൽ ഉച്ചത്തിൽ ഉച്ചരിക്കുന്ന നടവാക്യങ്ങൾ അക്ഷരവ്യക്തതയില്ലാതെ വികൃതസ്വരമാകാൻ സാധ്യതയുണ്ട്. നടന്റെ രസദൃഷ്ടികളോട് കൂടിയ മുഖഭാവം വ്യക്തമായി കാണാനും വലിയ കൂത്തമ്പലങ്ങളിൽ ബുദ്ധിമുട്ടുണ്ടാകും. അതിനാൽ മദ്ധ്യമമായ - അറുപത്തിനാല് കോൽ നീളമുള്ള കൂത്തമ്പലങ്ങൾ ആണ് ഏറ്റവും നല്ലത് എന്ന് ഭരതമുനി തന്നെ നിർദേശിക്കുന്നുണ്ട്. നടവാക്യങ്ങളും ഗീതങ്ങളുമെല്ലാം സുഖമായി കേൾക്കാനും മുഖഭാവങ്ങൾ വ്യക്തമായി കാണാനും ഇത് സഹായകരമാവും.[8] കൂത്തമ്പലനിർമ്മിതിക്കായി സ്ഥലം തിരഞ്ഞെടുക്കേണ്ടതിനെയും കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതിനെയും കുറിച്ച് മണ്ഡപവിധിയിൽ ഭരതമുനി കൃത്യമായി വിവരിക്കുന്നുണ്ട്. നിരപ്പായ ഉറപ്പുള്ള ഭൂമിയാണ് തിരഞ്ഞെടുക്കേണ്ടത്. മണ്ണിന്റെ നിറം കറുപ്പോ വെളുപ്പോ ആവാം. ഭൂമി കലപ്പകൊണ്ട് ഉഴുത് എല്ലിൻകഷണം, ആണി, പുല്ല്, വേര്, മുരട് മുതലായവ മാറ്റി ശുദ്ധമാക്കണം. തുടർന്ന് നല്ല മുഹൂർത്തം നോക്കി കുറ്റി തറച്ച് ചരട് കെട്ടണം. പഞ്ഞിനൂല്, ബല്ബ

ജപ്പല്ല്, മഞ്ഞപ്പല്ല്, മരത്തോല് ഇവയിലേതെങ്കിലും ഒന്നുകൊണ്ട് നല്ല ഉറപ്പുള്ള വിധത്തിൽ വേണം നൂല് നിർമ്മിക്കേണ്ടത്. നൂല് പൊട്ടിയാൽ അശുഭലക്ഷണം എന്നാണ് വിശ്വാസം.

നാട്യശാസ്ത്ര വിധിപ്രകാരം, അടിസ്ഥാനത്തിനായി ചരട് പിടിച്ച് 64 കോലളന്ന് അത് രണ്ടു ഭാഗമാക്കി പിന്നിൽ വരുന്ന ഭാഗം മുപ്പത്തിരണ്ടുകോൽ രണ്ടായി പകുക്കുക. അതിന്റെ പകുതി (എട്ടു കോൽ) രംഗശീർഷത്തിനു കല്പിക്കണം. പടിഞ്ഞാറേ അറ്റത്തുള്ള ഭാഗം (പതിനാറു കോൽ) അണിയറക്കുള്ളതാണ്. തുടർന്ന് യഥാവിധി ശിലാസ്ഥാപനം നിർവ്വഹിക്കണം. ശിലാസ്ഥാപനത്തിനു ശേഷം ഭിത്തികൾ കെട്ടി തൂണുകൾ നാട്ടണം. കട്ടള, ഭിത്തി, അണിയറ എന്നിവയെല്ലാം വിധിപ്രകാരമുള്ള കർമ്മങ്ങളോടെയാണ് സ്ഥാപിക്കേണ്ടത്. തൂണുകളിൽനിന്ന് വിട്ട് ഒരു കോലുയരത്തിൽ പ്രേക്ഷകർക്കിരിക്കുവാനുള്ള പടികൾ നിർമിക്കണം. ഇഷ്ടികകൊണ്ടും മരംകൊണ്ടും നിർമ്മിക്കുന്ന ഇവ സോപാനാകൃതിയിലായിരിക്കണമെന്ന് ഭരതമുനി നിഷ്കർഷിക്കുന്നു. തെളിഞ്ഞ കണ്ണാടി പോലെ നിരന്ന രംഗശീർഷം ചെയ്തു കഴിഞ്ഞാൽ മരപ്പണികൾ തുടങ്ങുന്നു. തുലാം, ഇടത്തുലാം, പലവക കൊത്തുപണിത്തരങ്ങൾ, അസംഖ്യം ഇടക്കെട്ടുകൾ, ദാരുപ്രതിമകൾ ജനലുകൾ, ഓമകൾ, പ്രാപ്പലകകൾ, പല തറകളിൽ സ്ഥാപിച്ചിട്ടുള്ള തൂണുകൾ എന്നിങ്ങനെ മരപ്പണികൾ നിരവധിയുണ്ട്.[9] മണ്ഡപധാരണത്തിന് കൊടുക്കുന്ന ഉത്തരം താങ്ങുന്ന തൂണുകൾ ശില്പാലംകൃതമാണ്. പുറകിലെ അണിയറയിൽനിന്നും രംഗത്തിലേക്ക് ഒരു പ്രവേശനദ്വാരം ഉണ്ട്. അണിയറയ്ക്കു നേരെയായി ജനങ്ങൾക്ക് പ്രവേശിക്കാൻ ഒരു പ്രവേശനകവാടവുമുണ്ട്. രംഗാഭിമുഖമായിട്ടാണ് രണ്ടാമത്തെ പ്രവേശനദ്വാരമുള്ളത്. രംഗപീഠത്തിന്റെ അളവ് എട്ടുകോൽ ആയിരിക്കണമെന്നാണ് മുനി നിഷ്കർഷിക്കുന്നത്. ചതുരത്തിൽ സമതലമായും അടിത്തറയോടു കൂടിയും വേണം രംഗപീഠം നിർമ്മിക്കേണ്ടത്. രംഗപീഠത്തറയുടെ പാർശ്വങ്ങളിൽ നാലു തൂണുകളോട് കൂടിയ മത്തവാരണികൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഭരതമുനി പ്രതിപാദിക്കുന്നുണ്ടെങ്കിലും, കേരളത്തിലെ കൂത്തമ്പലങ്ങളുടെ അളവും ആകൃതിയും നാട്യശാസ്ത്രം വിഷ്ണു ധർമ്മോത്തരപുരാണം എന്നിവയിലേതുമായി പൊരുത്തപ്പെടുന്നില്ല എന്നും നാട്യശാസ്ത്രത്തിലെ രംഗശീർഷമോ മത്തവാരണികളോ കേരളത്തിലെ കൂത്തമ്പലങ്ങളിൽ കാണാനില്ല എന്നും ഡി. അപ്പുക്കുട്ടൻനായർ അഭിപ്രായപ്പെടുന്നു, "കൂത്തമ്പലത്തിന്റെ ശില്പവിധി, തന്ത്രസമുച്ചയം ശില്പരത്നം എന്നീ കേരളീയഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണെന്ന് തോന്നുന്നു. അവയുടെ വാസ്തുശിൽപസംവിധാനം തനി കേരളീയവും 'നാഗര' രീതിയിൽ സംവിധാനം ചെയ്തിട്ടുള്ള കേരളക്ഷേത്രങ്ങൾക്ക് അനുയോജ്യവുമാണ്. യാതൊരു ശബ്ദവൈകൃതവും കൂടാതെ ചാക്യാരുടെ ഉച്ചാരണത്തിന്റെ സ്ഫുടതയും മിഴാവിന്റെ ധ്വനി ഗാംഭീര്യവും സദസ്യർക്കു പകർന്നുകൊടുക്കുവാൻ കഴിയത്തക്കവിധത്തിലാണ് കൂത്തമ്പലങ്ങൾ പണിതിട്ടുള്ളത് " (1996:xxix). ദാരുശില്പകലയുടെ അതിശയിപ്പിക്കുന്ന മനോഹാരിതയാണ് കൂത്തമ്പലനിർമ്മിതിയിൽ കാണാനാകുന്നത്. ദീപവിതാനവും ശബ്ദസജ്ജീകരണവും വളരെ ശ്രദ്ധാപൂർവം വേണം കൂത്തമ്പലങ്ങളിൽ ക്രമീകരിക്കുന്നത്.

### ക്രൈസ്തവ ദേവാലയങ്ങൾ

കേരളത്തിലെ ആദിമക്രിസ്ത്യാനികൾ ഹൈന്ദവപശ്ചാത്തലമുള്ളവരായിരുന്നു. അവരുടെ ആരാധനാലയങ്ങൾക്ക് ക്ഷേത്രങ്ങൾ തന്നെയായിരുന്നിരിക്കണം ആദ്യ മാതൃകയും. 1498- ൽ

കേരളത്തിലെത്തിയ വാസ്കോഡഗാമ സാമൂതിരിയെ സന്ദർശിക്കാനുള്ള യാത്രയ്ക്കിടയിൽ ക്രിസ്തീയ ദേവാലയം എന്ന ധാരണയിൽ ഒരു ക്ഷേത്രത്തിൽ കയറി മുട്ടുകുത്തി പ്രാർത്ഥിച്ചതായി ഒരു കഥയുണ്ട്.[10] ഒരുപക്ഷേ, ഹൈന്ദവ ക്രൈസ്തവ ആരാധനാലയങ്ങൾ തമ്മിലുണ്ടായിരുന്ന സമാനതയാവാം ഇതിനു കാരണം. പുരാതന ദേവാലയങ്ങളുടെ അവശേഷിപ്പുകൾ ഇത് സൂചിപ്പിക്കുന്നുമുണ്ട്. പാലയൂരും പറവൂരും കടമറ്റത്തും വെളയനാട്ടും മറ്റുമുള്ള പള്ളികൾ ഇതിനുദാഹരണമാണ്. എന്നാൽ പോർച്ചുഗീസുകാരുടെ വരവോടെ ദേവാലയങ്ങളുടെ കേരളീയ മാതൃകകൾക്ക് മാറ്റം സംഭവിച്ചു. ദേവാലയനിർമ്മിതിയിൽ പുതുമ വരുത്തിയ ആദ്യദേവാലയം ഫോർട്ടുകൊച്ചിയിലേതാണ്. ജൂത തെരുവിൽ പണികഴിച്ച ഇതിന്റെ നിർമാണ കാലം പൊ.വ. 1510 ആണ്. പഴയ ദേവാലയങ്ങളുടെ മുഖപ്പുകളിൽ പാശ്ചാത്യ വാസ്തുശില്പ നിർമ്മിതിയുടെ വ്യത്യസ്തതകൾ ദൃശ്യമായിത്തുടങ്ങി. പോർച്ചുഗീസുകാരെത്തുടർന്ന് ഡച്ചുകാരും ഇംഗ്ലീഷുകാരും തങ്ങളുടേതായ സംഭാവനകൾ ദേവാലയ വാസ്തുശില്പ നിർമിതിക്ക് നൽകിയിട്ടുണ്ട്. "എന്നാൽ കേരളത്തിലേക്ക് കുടിയേറിയ ആദിമ സിറിയൻ ക്രിസ്ത്യാനികൾ പശ്ചിമേഷ്യയിലെ ചില സമ്പ്രദായങ്ങൾ ഇവിടത്തെ ക്രൈസ്തവദേവാലയ വാസ്തുകലയിൽ ഉൾപ്പെടുത്തി. തത്ഫലമായി വ്യവസ്ഥിതമായ അകത്തളങ്ങളുള്ള പള്ളികൾ നിർമ്മിക്കുവാൻ തുടങ്ങി. അങ്ങനെ വ്യത്യസ്തമായ ഒരു ക്രൈസ്തവദേവാലയവാസ്തുകല ഉത്ഭവിക്കുകയും ചെയ്തു" എന്ന് ഡോ. ബിനുമോൾ ടോം അഭിപ്രായപ്പെടുന്നു (2013: 1349). ശ്രീകോവിലിനു പുറത്ത് വിശ്വാസികളെ കൂടി ഉൾക്കൊള്ളുന്ന ഒരു ദേവാലയസങ്കല്പം ഉരുത്തിരിഞ്ഞുവന്നത് ഇത്തരത്തിലാകണം.

മുഖമണ്ഡപം എന്നറിയപ്പെടുന്ന നടപ്പുരയിൽ കയറി പ്രവേശന കവാടത്തിലൂടെയാണ് ദേവാലയത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ആദ്യകാലങ്ങളിൽ മാമോദീസത്തൊട്ടി ഇവിടെയാണ് സ്ഥാപിച്ചിരുന്നത്. ഇന്ന് പല ദേവാലയങ്ങളിലും നടപ്പുരയുടെ സ്ഥാനം പള്ളിക്കകമായിത്തന്നെ മാറിത്തുടങ്ങിയിട്ടുണ്ട്. വലിയ മരത്തടിയിലുള്ള പ്രവേശനകവാടത്തെ ആനവാതിൽ എന്നാണ് പഴയ തലമുറയിലുള്ളവർ ഇന്നും പറയുന്നത്. ചതുരാകൃതിയിലും കമാന (arch) മാതൃകയിലും ആനവാതിലുകൾ കാണാം. വിശ്വാസികൾ പ്രാർത്ഥനകളിൽ പങ്കുകൊള്ളാനായി നിൽക്കുന്ന ഭാഗമാണ് ഹൈക്കല. പള്ളിക്കകം എന്നേ ഇതിനെ സാധാരണക്കാർ പറയാറുള്ളൂ. കാലക്രമേണ പള്ളിക്കകം കൂടുതൽ തുറസ്സായതും വായുസഞ്ചാരമുള്ളതുമായിത്തീർന്നു. ക്രിസ്തുവിന്റെ കുരിശുമരണത്തെയും അത്ഭുത പ്രവർത്തികളെയും അനുസ്മരിപ്പിക്കുന്ന ചിത്രങ്ങൾകൊണ്ട് അകത്തെ ചുമരുകൾ മനോഹരമാക്കുന്ന പതിവുണ്ട് ദേവാലയങ്ങളിൽ. ഒരാൾ പിടിച്ചാൽ വട്ടമെത്താത്ത മനോഹരമായ തൂണുകളാണ് ദേവാലയ നിർമ്മിതിയുടെ മറ്റൊരു പ്രത്യേകത. കേരളത്തിലെ വ്യത്യസ്ത സഭകളിലെല്ലാം തന്നെ സക്രാരി ഉപയോഗിക്കുന്ന രീതി നിലവിലുണ്ട്. ഹൈക്കലയ്ക്കും മദ്ബഹയ്ക്കും ഇടയിലായിലാണ് കെസ്തോമ എന്നറിയപ്പെടുന്ന ഗായക വേദി. ഹൈക്കലയിൽ നിന്നും ഒരു പടി ഉയർന്നതായിരിക്കണം കെസ്തോമ. എങ്കിലും എല്ലായിടത്തും ഇത് പ്രാവർത്തികമായി കാണാറില്ല. മദ്ബഹയ്ക്ക് പുറകിലായി സങ്കീർത്തി എന്നൊരിടമുണ്ട്. ഇവിടെയാണ് ബലിയർപ്പണത്തിനായി വൈദികരും ശുശ്രൂഷികളും തയ്യാറെടുക്കുന്നത്. ദേവാലയത്തോട് ചേർന്ന് തന്നെയുള്ള മണിമാളികയും ക്രിസ്തീയ ദേവാലയങ്ങളുടെ ഒരു സവിശേഷതയാണ്.

കേരളീയ വാസ്തുവിദ്യയിൽ ഗോഥിക് ശൈലിയുടെ സ്വാധീനം വർദ്ധിച്ചതോടെയാണ് ക്രിസ്തീയ ദേവാലയങ്ങൾക്ക് നാട്ടുപാരമ്പര്യത്തിൽനിന്ന് വ്യത്യസ്തമായ രൂപഭാവങ്ങൾ കൈ

 ISSN: 2582 - 2594

വന്നത്. റോമനെക്സ് വാസ്തുശൈലിയാണ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ഗോഥിക് ശൈലിയായി പരിണമിച്ചത്. ഘടനാപരമായ വ്യത്യസ്തത ഈ ശൈലിക്ക് കൂടുതൽ സ്വീകാര്യത നൽകി. ഉയർന്ന കമാനങ്ങളും ഗോപുരങ്ങളും ചിത്രാലങ്കാരങ്ങളാൽ നിറപ്പകിട്ടാർന്ന ചില്ലജാലകങ്ങളും വാൾട്ട് സീലിംഗ്, ഫ്ലയിംഗ് ബട്ട്റസ്സുകൾ എന്നിവയും ഈ ശൈലിയുടെ സവിശേഷതയാണ്.

**മുസ്ലീം ദേവാലയങ്ങൾ**

മുഹമ്മദ് നബിയുടെ കാലം മുതൽത്തന്നെ പൊതുവേ ലളിതമായ ശില്പകലാ വിദ്യയാണ് ഇസ്ലാം മതം ദേവാലയ നിർമ്മാണത്തിനായി പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പ്രതിമ - ശില്പ - ചിത്രവേലകളെല്ലാം ഇസ്ലാമിക തത്വങ്ങൾക്ക് എതിരായതിനാൽ അവ ദേവാലയ നിർമ്മിതികളിൽനിന്ന് ഒഴിവാക്കപ്പെട്ടു. രാഷ്ട്രീയ അധിനിവേശത്തിന്റെ ഭാഗമായും കച്ചവട സംബന്ധിയായും ലോകത്തിന്റെ വിവിധ ഇടങ്ങളിൽ മുസ്ലീംങ്ങൾ എത്തപ്പെട്ടു. എത്തിച്ചേർന്ന ഇടങ്ങളിലെല്ലാം ദേവാലയനിർമ്മിതിക്കായി തദ്ദേശീയമായ വാസ്തുകലയെക്കൂടി സമന്വയിപ്പിച്ച നിർമ്മിതികൾക്കാണ് അവർ രൂപംനൽകിയത്. തുർക്കിഷ്, പേർഷ്യൻ, മൂറിഷ് തുടങ്ങിയ ഇടങ്ങളിലെ വാസ്തുനിർമ്മിതികൾ ലോകോത്തര ശ്രദ്ധ നേടിയവയാണ്.

ഇന്ത്യയിൽ മുഗൾ ഭരണകാലത്താണ് ഇസ്ലാമിക വാസ്തുവിദ്യയുടെ സ്ഥാനം ശക്തമാകുന്നത്. ദേവാലയ നിർമിതിയിൽ മാത്രമല്ല കോട്ടകൾ, സ്മാരകങ്ങൾ, ഉദ്യാനങ്ങൾ തുടങ്ങിയവയെല്ലാം ഇസ്ലാമിക വാസ്തുവിദ്യയുടെ സംഭാവനകളിൽ പെടുന്നു. ഭാരതീയ വാസ്തുവിദ്യയും ഇസ്ലാമിക പേർഷ്യൻ ശൈലികളും സമന്വയിപ്പിക്കുന്ന കലാവിദ്യയാണ് കമാനങ്ങൾ, കുംഭങ്ങൾ, കവാടങ്ങൾ, മിനാരങ്ങൾ തുടങ്ങിയവയുടെ നിർമ്മിതിക്കായി പ്രയോജനപ്പെടുത്തിയിരിക്കുന്നത്. മേൽത്തട്ടുകൾക്കാകട്ടെ പ്രാദേശിക രീതികൾ നിലനിർത്തുകയാണ് ചെയ്തിരിക്കുന്നത്. ആഗ്രാകോട്ട, ഫത്തേപ്പൂർസിക്രി, കുത്തബ്മിനാർ, ചെങ്കോട്ട, താജ്മഹൽ തുടങ്ങി ഉത്തരേന്ത്യയിൽ നിന്നുള്ള ഉദാഹരണങ്ങൾ നിരവധിയാണ്.

ചരിത്രസ്മാരകം എന്ന നിലയിൽ മലയാളികൾ എന്നും അഭിമാനത്തോടെ ഉയർത്തിക്കാട്ടാറുള്ള ഒന്നാണ് ചേരമാൻ ജുമാ മസ്ജിദ്. കൊടുങ്ങല്ലൂരിലെ ഈ മുസ്ലീം ദേവാലയം ഇന്ത്യയിലെതന്നെ ആദ്യത്തെ മുസ്ലിം ദേവാലയമാണ് എന്ന് കരുതപ്പെടുന്നു. തികച്ചും കേരളീയ വാസ്തുശൈലിയിൽ നിർമ്മിച്ചിരിക്കുന്ന ചേരമാൻ ജുമാ മസ്ജിദ് ക്ഷേത്രമാതൃകയിലാണ് നിർമ്മിച്ചിരിക്കുന്നത്. നിലവിളക്ക് കൊളുത്തുകയും കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്യുന്ന മുസ്‌ലിം ദേവാലയം എന്ന പ്രത്യേകതയും ഇവിടെയുണ്ട്. കാലാനുസൃതമായ പുതുക്കിപ്പണിയലുകളും ഇസ്ലാമിക - പേർഷ്യൻ വാസ്തു ശൈലിയിലേക്കുള്ള ചുവട് മാറ്റവും ചേരമാൻ ജുമാ മസ്ജിദിനും സംഭവിച്ചു. മിനാരങ്ങളും താഴികക്കുടങ്ങളുമായി ഒരുഭാഗം പുനർനിർമ്മിച്ചുവെങ്കിലും മുഖവാരം ഇന്നും തനിമയോടെ സംരക്ഷിച്ചുവരുന്നു. "കേരളത്തിലെ മുസ്ലീം പള്ളികളുടെ വാസ്തുകലയിൽ അറബി ശൈലിയുടെയോ, വടക്കേഇന്ത്യയിലെ പ്രാദേശികമോ സാമ്രാജ്യത്വപരമോ ആയ വിചാരധാരയുള്ള കൂട്ടരുടെയോ യാതൊരു സ്വാധീനതയും പ്രകടമാകുന്നില്ല. ഇതിന്റെ പിന്നിലുള്ള കാരണമെന്തെന്നാൽ മുസ്ലീം പള്ളികളുടെ നിർമ്മാണം അവരുടെ മതാധിപതിയുടെ നിർദ്ദേശമനുസരിച്ച് അതതു സ്ഥലത്ത് ഹിന്ദുക്കളായ ശില്പികളാണ് നിർവഹിച്ചിരുന്നത് എന്നതാണ്. കാരണം, അക്കാലത്ത് ആരാധനാലയങ്ങൾക്ക് മാതൃകയായി ഉണ്ടായിരുന്നത്

ക്ഷേത്രങ്ങളോ കൂത്തമ്പലങ്ങളോ ആയിരുന്നു. സംസ്കാരവും മതാചാരവും ആവശ്യപ്പെടുന്ന നൂതന സാഹചര്യമനുസരിച്ച് ഈ മാതൃകകളെ വലിയ ജനക്കൂട്ടങ്ങളുടെ ആവശ്യത്തിനുതകുംവിധം പൊരുത്തപ്പെടുത്തുകയായിരുന്നു" (2013: 1350) എന്ന ബിനുമോൾ ടോമിന്റെ നിരീക്ഷണം ശ്ര ദ്ധേയമാണ്. പൊന്നാനിയിലെ വലിയ ജുമാഅത്ത് പള്ളിയും താഴത്തങ്ങാടിയിലെ മസ്ജിദും കോഴിക്കോട് മിസ്കലിലെ പള്ളിയുമെല്ലാം ഇവിടുത്തെ പരമ്പരാഗത വാസ്തു മാതൃകയിൽ ഇസ്ലാം മതാചാര ചിന്തകളെ സമന്വയിപ്പിച്ചതിന് ഉദാഹരണങ്ങളാണ്. ഒരു വലിയ ഹാളും ചുമരിൽ അർദ്ധവൃത്താകൃതിയിലുള്ള മിഹ്റാബും, അഭിമുഖമായി നിൽക്കേണ്ട ദിശയെ സൂചിപ്പിക്കുന്ന കിബ്ലയുമാണ് ഒരു സാധാരണ മുസ്ലീം പള്ളിയുടെ മാതൃക. കേരളത്തെ സംബന്ധിച്ചിടത്തോളം മെക്കയുടെ ദിശ പടിഞ്ഞാറായതു കൊണ്ട് പടിഞ്ഞാറോട്ട് അഭിമുഖമായി നിന്നാണ് ഇവിടെ വിശ്വാസികൾ പ്രാർത്ഥിക്കുന്നത്. മേലടവുള്ള വരാന്തകൾകൊണ്ട് ചുറ്റപ്പെട്ട അകവും മരത്തടി യിൽ കൊത്തുപണികൾ കൊണ്ട് നിർമ്മിച്ച പ്രസംഗപീഠവും മേൽക്കൂരകളുമെല്ലാം കേരളത്തി ന്റെ തനതായ വാസ്തുകലയെ ഇസ്ലാമിക വാസ്തുകലയുമായി ചേർത്തുവച്ചതിന്റെ സൂചനയാണ്.

പത്തൊമ്പതാം നൂറ്റാണ്ടിനുശേഷം കേരളീയരുടെ ജീവിതരീതിയിൽ വലിയ മാറ്റങ്ങളാ ണ് സംഭവിച്ചത്. സാമൂഹ്യക്രമത്തിലും സാംസ്കാരികതലത്തിലുമുണ്ടായ പരിവർത്തനംമൂലം ചെറ്റ – കുടിലുകളിൽനിന്നും നമ്പൂതിരി ഇല്ലങ്ങളിൽനിന്നും വീട് എന്ന പൊതു സംജ്ഞയിലേ ക്ക് എത്തിച്ചേർന്നു. സമ്പത്തിക സ്ഥിതിയനുസരിച്ചുള്ള വ്യത്യസ്ത ഗൃഹനിർമ്മാണ രീതികൾ സ്വീകരിച്ചു. സാമൂഹ്യ പരിഷ്കരണത്തിന്റെ ഫലമായി പുതിയ ചിന്താധാരകൾ വാസ്തുവിദ്യയി ലും കടന്നുവന്നു. ആകൃതി ആവശ്യത്തെ അനുഗമിക്കുന്നു (form follows function) എന്നൊരു ആശയം തന്നെ നവീന വാസ്തുവിദ്യ അവതരിപ്പിക്കുന്നുണ്ട്. അമേരിക്കൻ ശില്പി ആയിരുന്ന ഹൊറേഷ്യോ ഗ്രീനോ (Horatio Greenough) യുടെ ഈ ആശയം നവീന വാസ്തുവിദ്യയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലൂയിസ് സള്ളിവനാണ് ലോകത്തിന് പരിചയപ്പെടു ത്തുന്നത്. കെട്ടിടങ്ങളുടെ രൂപത്തിൽ മിതത്വവും സ്വച്ഛന്ദതയും കൊണ്ടുവരാനായി ആധുനിക വാസ്തുവിദ്യയ്ക്ക് സാധിച്ചു. വ്യവസായികമായി ഉത്പാദിപ്പിക്കുന്ന ഗ്ലാസ്, സ്റ്റീൽ, ഫൈബർ തു ടങ്ങിയ നിർമ്മാണസാമഗ്രികൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ച് വന്നു. നിർമ്മാ ണവസ്തുക്കളുടെ ലഭ്യതയ്ക്കനുസരിച്ചാണ് ഓരോ കാലത്തും ഓരോ ദേശത്തും ഗൃഹനിർമ്മാണം സാധ്യമായിട്ടുള്ളത്. മണ്ണുപൊത്തിയ പുല്ലുമേഞ്ഞ വീടുകളിൽനിന്നും മരങ്ങളും ഓടും വെട്ടുകല്ലുകളും പ്രയോജനപ്പെടുത്തിയ നാലുകെട്ടുകളിലേക്കും തുടർന്ന് കമ്പിയും സിമന്റും മണലും ചേർത്ത് രൂപപ്പെടുത്തിയ കോൺക്രീറ്റ് കെട്ടിടങ്ങളിലേക്കുള്ള ഗൃഹനിർമ്മാണത്തിന്റെ ക്രമാനുഗതമായ മാറ്റം ദൃശ്യമാണ്. വീടിന്റെ തറയിൽ ഇഷ്ടികകൾ പാകുന്നതാണ് നമ്മുടെ കാലാവസ്ഥയ്ക്ക് ഏറെ ഗുണകരമായിട്ടുള്ളത്. എങ്കിലും റെഡ് ഓക്സൈഡ്, മൊസൈക്ക് തുടങ്ങിയ രീതികൾ ഒരു കാലത്ത് ഇവിടെ സാധാരണമായിരുന്നു. ഇന്നത് വിലകൂടിയ മാർബിളിനും ഗ്രാനൈറ്റിനും വഴിമാറിയിരിക്കുന്നു. ആശാരിക്കണക്കുകളും തച്ചുശാസ്ത്രവുമെല്ലാം സിവിൽ എഞ്ചിനീയറിങ് പഠിച്ചിറങ്ങുന്ന നിർമ്മാണ വിദഗ്ധന്റെ രൂപകല്പനകളായി മാറി.

സ്വതന്ത്ര ജനാധിപത്യ ഇന്ത്യയുടെ നിയമങ്ങൾക്കനുസൃതമായി പഞ്ചായത്ത് – വില്ലേജ് കാര്യാലയങ്ങളിൽ നിന്നുമുള്ള അനുവാദത്തോടെ കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഇന്ന് രൂപകൽ പ്പന ചെയ്യുന്നത്. അതിൽത്തന്നെ സാമ്പത്തിക സൗകര്യങ്ങളും പ്രവാസനിക്ഷേപങ്ങളുമെല്ലാം

 ISSN: 2582 - 2594

വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കാലാവസ്ഥയും ഭൂപ്രകൃതിയുടെ സവിശേഷതകൾക്കുമു പരിയായി പടിഞ്ഞാറൻ നിർമ്മാണരീതികളെ അനുകരിക്കാനുള്ള ഭ്രമം ഇന്ന് കൂടുതലായി കാണുന്നുണ്ട്. ഇവിടെ നിലനിന്നിരുന്ന വാസ്തുവിദ്യാരീതികളിൽ ആധുനിക സാങ്കേതികതകൾ കൂടി സമന്വയിപ്പിക്കുന്ന ഗൃഹനിർമ്മാണ സമ്പ്രദായമായിരിക്കും കേരളത്തിലെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നത്. എങ്കിൽ മാത്രമേ പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്ന ഒരു വാസ്തുവിദ്യാരീതിയായി അതു മാറുകയുള്ളൂ. ഭൂമിയുടെ സന്തുലിതാവസ്ഥയുമായി ഇണങ്ങിച്ചേരുന്ന വാസ്തുവിദ്യ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനനുസൃതമായി പ്രാദേശികമായിത്തന്നെ കെട്ടിടനിർമ്മാണ നിയമങ്ങൾ പരിഷ്കരിക്കുകയും വേണം.

നിർമ്മാണസാമഗ്രികളോട് നേര്പുലർത്തുക എന്നത് പരമപ്രധാനമാണ്. പരിസ്ഥിതി സംരക്ഷണത്തെ കൂടി ആധാരമാക്കി, പ്രകൃതിക്ക് ആഘാതം സൃഷ്ടിക്കാത്ത രീതിയിലുള്ള നിർമ്മാണസാധ്യതകളെ അന്വേഷിക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. കോൺക്രീറ്റ് നിർമ്മാണത്തിനാവശ്യമായ മണലെടുപ്പ് പുഴകളുടെ സ്വാഭാവികമായ ഒഴുക്കിന് പ്രതിസന്ധി സൃഷ്ടിക്കുകയും പുഴ തന്നെ ഇല്ലാതായിത്തീരുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. മലയിടുക്കുകളിലെ ക്രഷറുകളുടെ അമിതമായ ഉപയോഗം മണ്ണിടിച്ചിലിനും ഭൂകമ്പങ്ങൾക്കും കാരണമാകുന്നു. നിയന്ത്രണവിധേയമല്ലാത്ത മരംമുറിക്കലുകളുടെ അനന്തരഫലങ്ങളും നമ്മൾ അറിഞ്ഞു കൊണ്ടിരിക്കുകയാണ്. നിർമ്മാണച്ചെലവുകളെ സംബന്ധിച്ചും ഉപയോഗ സൗകര്യങ്ങളെ സംബന്ധിച്ചും കൃത്യമായ ധാരണ ഉണ്ടായിരിക്കണം. കെട്ടിടങ്ങളുടെ രൂപത്തിൽ തന്നെ മിതത്വവും സ്വച്ഛതയും കൊണ്ടുവരിക എന്നതും പ്രധാനമാണ്. നാലോ ആറോ ആളുകൾ മാത്രം താമസിക്കുന്ന അണുകുടുംബവ്യവസ്ഥയിൽ പരമാവധി മൂന്നോ നാലോ കിടപ്പുമുറികളാണ് ആവശ്യമായിട്ടുള്ളത്. അതിനനുസരിച്ച് തന്നെയാണ് ഇന്ന് മധ്യവർഗ്ഗ സമൂഹത്തിന്റെ വീടുകൾ രൂപപ്പെടുന്നത്. കൂട്ടത്തിൽ, അടുക്കളയും ഊണുമുറിയും അതിഥികളെ സ്വീകരിക്കുന്ന ഇടവും കൂടിയായാൽ സാധാരണക്കാരന് വീട് എന്ന സങ്കല്പം പരിപുഷ്ടമാണ്.

**കുറിപ്പുകൾ**

1 മനുഷ്യാലയ ചന്ദ്രിക, തിരുമംഗലത്ത് നീലകണ്ഠൻ, പുറം 23.
2 കേരള സാഹിത്യ ചരിത്രം (രണ്ടാം വാല്യം), 1979, പുറം 70-1.
3 മനുഷ്യാലയ ചന്ദ്രിക (പുറം 9 - 10)
4 ഔസേപ്പ് പി.വി., കേരളീയ വാസ്തുവിദ്യാ പാരമ്പര്യം, 2006, പുറം 81
5 മനുഷ്യാലയ ചന്ദ്രിക (പുറം 119)
6 പി ഭാസ്കരനുണ്ണി പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, 2000 (പുറം 75)
7 മാണി മാധവചാക്യാർ, 1996, നാട്യകല്പദ്രുമം, ആമുഖോപന്യാസം - ഡി അപ്പുക്കുട്ടൻ നായർ, പുറം xxix.
8 നാട്യശാസ്ത്രം - ഭരതമുനി, വിവ : കെ. പി. നാരായണ പിഷാരടി, 1984 (പുറം 106)
9 അതേ പുസ്തകം (പുറം 118)
10 നമ്മൾ നടന്നവഴികൾ എസ്. കെ. വസന്തൻ , 2009 (പുറം 225 )

### സഹായകഗ്രന്ഥങ്ങൾ


1. ഔസേപ്പ് പി.വി., 2006, കേരളീയ വാസ്തുവിദ്യാ പാരമ്പര്യം, മാതൃഭൂമി ബുക്ക്സ് കോഴിക്കോട്.
2. കൃഷ്ണൻ നമ്പൂതിരിപ്പാട് കാണിപ്പയ്യൂർ, 2013, 'ക്ഷേത്രസങ്കല്പം', കേരള സംസ്കാര പഠനങ്ങൾ, എഡി: പന്മന രാമചന്ദ്രൻ, കറന്റ് ബുക്ക്സ് കോട്ടയം.
3. ഗണേഷ് കെ.എൻ., 1997, കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം.
4. പത്മനാഭ മേനോൻ കെ. പി., 1989, കൊച്ചി രാജ്യചരിത്രം, മാതൃഭൂമി പ്രിന്റിങ് ആൻഡ് പബ്ലിഷിങ് കമ്പനി, കോഴിക്കോട്.
5. ബിന്ദു മോൾ ടോം, 2013, 'പൈതൃക നിർമിതികൾ', കേരള സംസ്കാരപഠനങ്ങൾ, എഡി. പന്മന രാമചന്ദ്രൻ, കറന്റ് ബുക്ക്സ് കോട്ടയം.
6. ഭാസ്കരനുണ്ണി പി., 2000, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.



ISSN: 2582 - 2594